# ‘ദ്രവ്യാഗ്രഹത്തിൽനിന്ന് ഒഴിവുള്ളവരാകുക’

## ലൂക്കോസ് 12:15

“ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവനു ആധാരമായിരിക്കുന്നത്”

ഈ വാക്യത്തിന്റെ പശ്ചാത്തലം നോക്കിയാൽ ഇന്നത്തെ ലോകത്തിനു ആപ്തമായ ഒരു വാക്യമാണ് ഇത് എന്നു കാണാം. ദൈവമക്കൾ എന്ന് അവകാശപ്പെടുന്നവർ പോലും എല്ലാത്തിലും വലുതായി സമ്പത്തിനെ കാണുകയും അതിനായി തന്റെ ജീവിതത്തിന്റെ സമയം മുഴുവൻ മാറ്റിവെക്കുന്നതായും കാണാം. കർത്താവായ യേശുക്രിസ്തുതന്നെ ഇവിടെ പറയുകയാണ് സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞുകൊൾവിൻ എന്ന്. വചന പ്രകാരം എല്ലാ ദോഷങ്ങളുടെയും മൂലകാരണം ദ്രവ്യാഗ്രഹമാണ്.

സമ്പത്ത് ഉണ്ടാകുന്നത് ദൈവഹിതത്തിന് എതിരാണ് എന്നല്ല, മറിച്ച് അതിനെ നമ്മൾ എങ്ങനെ കാണുന്നു എന്നതാണ് പ്രധാനം. നമുക്ക് സമ്പത്തുണ്ടാകുമ്പോൾ സമ്പത്ത് തന്നവനേ മറക്കുന്നവരാണോ നമ്മൾ? അബ്രഹാം സമ്പന്നനായിരുന്നു എന്ന് വേദ പുസ്തകം പറയുന്നു. അബ്രഹാമിനും ലോത്തിനും സമ്പത്ത് വർദ്ധിച്ച് അവരുടെ ഇടയന്മാർ തമ്മിൽ കലഹം ഉണ്ടായപ്പോൾ അബ്രഹാം ലോത്തിനോടു പറഞ്ഞു, നിനക്കു വേണ്ടതെല്ലാം നീ തിരഞ്ഞെടുത്തുകൊണ്ട് നിന്റെ വഴിക്കു പോകുക. ഞാൻ എന്റെ വഴിക്കും പൊയ്ക്കൊള്ളാം. എന്നാൽ ലോത്ത് നീരോട്ടമുള്ളതും മനോഹരവുമായ യോർദ്ദാ നരികെയുള്ള ദേശം തിരഞ്ഞെടുത്തു. എന്നാൽ അബ്രഹാം തനിക്കു കിട്ടിയതിൽ സംതൃപ്തനായി അവിടെ പാർത്തു. ഇവിടെ അബ്രഹാമിനെ നമുക്ക് മാതൃകയാക്കാം. അവന്റെ ജീവിതത്തിൽ അവൻ സമ്പത്തിനു പ്രാധാന്യം കൊടുത്തില്ല, മറിച്ച് ദൈവഹിത ത്തിന് പ്രാധാന്യം കൊടുത്തു. അതിനാൽ ദൈവം അബ്രഹാമിനെ അനുഗ്രഹിക്കുന്നതായി നമുക്ക് കാണാം.

നമ്മുടെ ജീവിതത്തിലും നമ്മൾ സമ്പത്ത് തരുവാൻ കഴിവുള്ളവനിൽ ആശ്രയിക്കുകയും അവന്റെ രാജ്യവും നീതിയും അന്വേഷിക്കുകയും ചെയ്യുമ്പോൾ നമുക്ക് വേണ്ടതെല്ലാം നമ്മുടെ ദൈവം നമുക്ക് തരും. നമ്മുടെ ഏറ്റവും വലിയ സമ്പത്ത് നമുക്ക് കാൽവറിയിൽ കൂടി ലഭിച്ച രക്ഷ ആണ്. അതുകൊണ്ടാണ് വചനം പറയുന്നത് “ചെറിയ ആട്ടിൻ കൂട്ടമെ, ഭയപ്പെടരുത്, നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്ക് നൽകുവാൻ പ്രസാദിച്ചിരിക്കുന്നു” എന്ന്. അതിനാൽ ഈ ലോകത്തിന്റെ സമ്പത്തിൽ ആശ്രയം വെക്കാതെ, പുഴുവും

തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നമുക്ക് നമ്മുടെ നിക്ഷേപങ്ങളെ സ്വരൂപിക്കാം.

പരാമർശം :

എബ്രായർ 13:5

നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ; 'ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല' എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ.

**സിസ്റ്റർ റീന ഷാജി ഏബ്രഹാം പള്ളിപ്പാട് 004**